ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:10-07-2024**

## പ്രധാനവാർത്തകൾ

1) വിദേശപര്യടനം തുടരുന്ന പ്രധാനമന്ത്രി നരേന്ദ്രമോദി, ഓസ്ട്രിയൻ ചാൻസിലർ കാൾ നേഹമറുമായി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തി.
2) സാധാരണക്കാർക്കും, ദുർബല വിഭാഗങ്ങൾക്കും നൽകാനുള്ള ആനുകൂല്യങ്ങൾ കൃത്യമായി വിതരണം ചെയ്യുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് നിയമസഭയിൽ മുഖ്യമന്ത്രി പിണറായി വിജയൻ.
3) ചാൻസലർക്ക് എതിരെ കേസ് നടത്താൻ ഉപയോഗിച്ച സർവ്വകലാശാലാ ഫണ്ട് തിരിച്ചടക്കണമെന്ന് ചൂണ്ടിക്കാട്ടി വൈസ് ചാൻസലർമാർക്ക് നോട്ടീസ് അയച്ച് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ.
4) ലൈറ്റ് ഹൌസ് ടൂറിസത്തിന് പ്രോത്സാഹനം നൽകുന്നത് ലക്ഷ്യമിട്ട് കേന്ദ്രമന്ത്രി സർബാനന്ദ സോനോവാളിൻറെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് നാളെ ചർച്ച നടക്കും.
5) രാജ്യത്തെ ആദ്യ ജെൻ എ ഐ കോൺക്ലേവിന് കൊച്ചിയിൽ നാളെ തുടക്കം.
6) ഇന്ത്യയ്ക്കെതിരായ ട്വന്റി - 20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിൽ സിംബാബ്‌വേയ്ക്ക് 183 റൺസ് വിജയലക്ഷ്യം.

************************

PNU TVPM

## പ്രധാനമന്ത്രി-ഓസ്ട്രിയ

ഓസ്ട്രിയ സന്ദർശനത്തിന്റെ ഭാഗമായി വിയന്നയിൽ എത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി ഓസ്ട്രിയൻ ചാൻസിലർ കാൾ നേഹമറുമായി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തി. വ്യാപാരം, നിക്ഷേപം, സാങ്കേതിക വിദ്യ, ഹരിത ഊർജ്ജം തുടങ്ങിയ മേഖലകളിൽ ഇരുരാജ്യങ്ങളും തമ്മിലുള്ള സഹകരണ സാധ്യതകൾ നേതാക്കൾ വിലയിരുത്തി. കാലാവസ്ഥാ വ്യതിയാനം, ഭീകരവാദം തുടങ്ങിയ വിഷയങ്ങൾ കൂടിക്കാഴ്ചയിൽ ചർച്ചയായതായി പ്രധാനമന്ത്രി പറഞ്ഞു.

**--ഹോൾഡ് വോയിസ് പിഎം--**

*ഐക്യരാഷ്ട്ര സംഘടന ഉൾപ്പെടെയുള്ള അന്താരാഷ്ട്ര സംഘടനകളിൽ പരിവർത്തനം കൊണ്ടുവരേണ്ടതിന്റെ ആവശ്യകതയും ഇരു നേതാക്കളും ചൂണ്ടിക്കാട്ടി. ഇന്ത്യയിലെയും, ഓസ്ട്രിയയിലെയും ബിസിനസ് പ്രമുഖരുമായും നേതാക്കൾ കൂടിക്കാഴ്ച നടത്തി. ഓസ്ട്രിയൻ കമ്പനികളെ ഇന്ത്യയിൽ നിക്ഷേപം നടത്താൻ ക്ഷണിച്ച പ്രധാനമന്ത്രി അടിസ്ഥാന സൗകര്യ വികസനം, സ്റ്റാർട്ട്-അപ് തുടങ്ങിയ മേഖലകളിൽ ഇരുരാജ്യങ്ങൾക്കുമിടയിൽ വലിയതോതിലുള്ള സഹകരണ സാധ്യതകളുണ്ടെന്നും വ്യക്തമാക്കി.*

RNU TVPM

***********************

## മുഖ്യമന്ത്രി പ്രസ്താവന

സർക്കാർ ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട കുടിശ്ശിക സമയബന്ധിതമായി നൽകിത്തീർക്കുന്നത് സംബന്ധിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ പ്രസ്താവന നടത്തി. സാധാരണക്കാർക്കും, ദുർബല വിഭാഗങ്ങൾക്കും നൽകാനുള്ള ആനുകൂല്യങ്ങൾ കൃത്യമായി വിതരണം ചെയ്യുന്നതിന് സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. കേന്ദ്രസമീപനം മൂലമുണ്ടായ പണഞെരുക്കത്തിനിടയിലും, വികസന ക്ഷേമ പദ്ധതികളിൽ നിന്ന് സർക്കാർ പിന്നോട്ട് പോകില്ലെന്നും മുഖ്യമന്ത്രി

വ്യക്തമാക്കി. പണഞെരുക്കം നേരിടുന്നതിനായി നിയമനടപടികൾക്കൊപ്പം, സ്വയം പരിശ്രമം നടത്തുന്ന കാര്യത്തിലും സർക്കാർ ശ്രദ്ധ പതിപ്പിക്കുമെന്നും പ്രസ്താവനയിൽ പറയുന്നു.

***********************

## നിയമസഭ വാക്ഔട്ട്

സംസ്ഥാനത്ത് സ്ത്രീകളും കുട്ടികളും അതിക്രമം നേരിടുന്ന സാഹചര്യം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്കൗട്ട്. അരൂരിൽ പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടിയെ മർദിച്ചത് ഉൾപ്പെടെയുള്ള സംഭവങ്ങൾ ചൂണ്ടിക്കാട്ടി പ്രതിപക്ഷത്ത് നിന്ന് കെ കെ രമ ആണ് ഉപക്ഷേപത്തിന് നോട്ടീസ് നൽകിയത്. സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ വർധിച്ചു വരുകയാണെന്നും ഇക്കാര്യത്തെ സർക്കാർ വളരെ ലാഘവത്തോടെയാണ്
കാണുന്നതെന്നും പ്രതിപക്ഷം ആരോപിച്ചു. അരൂരിൽ പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടിയെ മർദിച്ച സംഭവത്തിൽ പോലീസ് കേസ് എടുത്ത് നടപടി സ്വീകരിച്ചതായി മന്ത്രി വീണ ജോർജ് മറുപടി നൽകി. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ അതിക്രമം നടത്തുന്ന ഒരാളെയും സർക്കാർ സംരക്ഷിക്കില്ലെന്നും മന്ത്രി പറഞ്ഞു. മന്ത്രിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ സ്പീക്കർ ഉപക്ഷേപത്തിന് അനുമതി നിഷേധിക്കുകയായിരുന്നു.

RNU TVPM

***********************

## ആരിഫ് മുഹമ്മദ് ഖാൻ.

സർവ്വകലാശാല ചാൻസലർ കൂടിയായ ഗവർണർക്കെതിരെ കോടതിയിൽ കേസ് നടത്തുന്ന വൈസ് ചാൻസലർമാർ സ്വന്തം ചെലവിൽ കേസ് നടത്തണമെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. ഗവർണർക്ക് എതിരെ കേസ് നടത്താൻ ഉപയോഗിച്ച സർവ്വകലാശാലാ ഫണ്ട് തിരിച്ചടക്കണമെന്നും ഗവർണർ

നിർദ്ദേശിച്ചു. ഇക്കാര്യം ചൂണ്ടിക്കാട്ടി വിസിമാർക്ക് ഗവർണർ നോട്ടീസ് അയച്ചു. കേസ് നടത്താൻ 1.13 കോടിയാണ് വിസിമാർ ചെലവാക്കിയിരുന്നത്.
വൈസ് ചാൻസലർമാരുടെ നിയമനങ്ങൾ അസാധുവാക്കിയ ഗവർണറുടെ നടപടിക്കെതിരെയുള്ള കേസ് നടത്താൻ സർവകലാശാല ഫണ്ട് വിനിയോഗിച്ചത് ചട്ട വിരുദ്ധമാണെന്ന് ചൂണ്ടിക്കാട്ടിയാണ് നോട്ടീസ്.

***********************

## സിബിഎസ്ഇ

എൻസിഇആർടി പാഠപുസ്തകങ്ങളുമായി ബന്ധപ്പെട്ട തെറ്റിദ്ധരിപ്പിക്കുന്ന വാർത്തകളിൽ വ്യക്തത വരുത്തി കേന്ദ്രസർക്കാർ. മൂന്ന്, ആറ് ഒഴികെയുള്ള മറ്റ് ക്ലാസ്സുകളുടെ പാഠപുസ്തകങ്ങളിൽ ഇത്തവണ മാറ്റം വരുത്തിയിട്ടില്ലെന്ന് സിബിഎസ്ഇ വ്യക്തമാക്കി. മുൻ വർഷത്തെ പാഠപുസ്തകം തന്നെയായിരിക്കും മറ്റുള്ള ക്ലാസുകളിൽ തുടരുക.

RNU TVPM

***********************

## വിഴിഞ്ഞം തുറമുഖം ട്രയൽ റൺ

വിഴിഞ്ഞം തുറമുഖത്തിൻറെ ട്രയൽ ഓപ്പറേഷൻ മറ്റന്നാൾ ആരംഭിക്കും. രാവിലെ 10 ന് തുറമുഖത്ത് നടക്കുന്ന ചടങ്ങിൽ ആദ്യ കണ്ടെയ്നർ കപ്പൽ 'സാൻ ഫെർണാണ്ടോ'യെ മുഖ്യമന്ത്രി പിണറായി വിജയൻ സ്വീകരിക്കും. കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ ചടങ്ങിൽ മുഖ്യാതിഥിയാകും..

***********************

## സർബാനന്ദ സോനോവാൾ

ലൈറ്റ് ഹൌസ് ടൂറിസത്തിന് പ്രോത്സാഹനം നൽകുന്നത് ലക്ഷ്യമിട്ട് കേന്ദ്രമന്ത്രി സർബാനന്ദ സോനോവാളിൻറെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് നാളെ ചർച്ച

നടക്കും. വിഴിഞ്ഞം ലൈറ്റ് ഹൗസിൽ നടക്കുന്ന ചർച്ചയിൽ കേന്ദ്ര സഹമന്ത്രി ശാന്തനു ഠാക്കൂറും പങ്കെടുക്കും. ടൂറിസം വികസനത്തിനായി അടുത്തിടെ വിഴിഞ്ഞം ലൈറ്റ് ഹൗസ് പുനരുദ്ധാരണം നടത്തിയിരുന്നു.

***********************

## ജൻ എ ഐ കോൺക്ലേവ്

നിർമിത ബുദ്ധിയുടെ പരിവർത്തന സാധ്യതകളും, സ്വാധീനവും ചർച്ച ചെയ്യുന്ന രാജ്യത്തെ ആദ്യ അന്താരാഷ്ട്ര ജെൻ എ ഐ കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ നാളെ കൊച്ചിയിൽ ഉദ്ഘാടനം ചെയ്യും. നൂതന വ്യവസായങ്ങളുടെ ഹബ്ബാകാനുള്ള കേരളത്തിന്റെ ശ്രമങ്ങളിൽ ഏറ്റവും സുപ്രധാനമായ ചുവടുവെയ്പ്പായിരിക്കും കോൺക്ലേവ് എന്ന് മന്ത്രി പി രാജീവ് വാർത്താസമ്മേളനത്തിൽ പറഞ്ഞു. ആഗോള ടെക് കമ്പനിയായ ഐബിഎമ്മുമായി ചേർന്നാണ് സംസ്ഥാന സർക്കാർ പരിപാടി സംഘടിപ്പിക്കുന്നത്.

RNU TVPM

***********************

## ചലച്ചിത്ര അവാർഡ്

2023 ലെ കേരള സംസ്ഥാന ചലച്ചിത്ര അവാർഡുകൾ നിർണയിക്കുന്നതിന് ജൂറിയെ നിയമിച്ച് സർക്കാർ ഉത്തരവായി. ദേശീയ ചലച്ചിത്ര പുരസ്കാര ജേതാവായ ഹിന്ദി സംവിധായകൻ സുധീർ മിശ്രയാണ് ജൂറി ചെയർമാൻ. ദേശീയ, സംസ്ഥാന പുരസ്കാര ജേതാവായ സംവിധായകൻ പ്രിയനന്ദനൻ, കേരള സംസ്ഥാന ചലച്ചിത്ര അവാർഡ് ജേതാവും സംവിധായകനും ഛായാഗ്രാഹകനുമായ അഴകപ്പൻ എന്നിവർ പ്രാഥമിക വിധി നിർണയ സമിതിയിലെ രണ്ട് സബ് കമ്മിറ്റികളുടെ അധ്യക്ഷത വഹിക്കും.

***********************

## കോളറ പ്രതിരോധം - തിരുവനന്തപുരം

തിരുവനന്തപുരത്ത് കോളറ ബാധിത പ്രദേശത്ത് പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയതായി ജില്ലാ

മെഡിക്കൽ ഓഫീസർ. രോഗലക്ഷണങ്ങൾ ഉള്ളവരെയും അവരുടെ സമ്പർക്ക പട്ടികയിൽ ഉള്ളവരെയും നിരന്തരമായി നിരീക്ഷിച്ചു വരികയാണ്. ഐരാണിമുട്ടം സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ ഐസൊലേഷൻ വാർഡ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും ഡി.എം.ഒ അറിയിച്ചു.

**********************

## <u>അമീബിക് മസ്തിഷ്കജ്വരം</u>

അമീബിക് മസ്തിഷ്കജ്വരം ബാധിച്ച് കണ്ണൂർ തോട്ടട സ്വദേശിനിയായ 13 കാരി മരിച്ചതിൻറെ പശ്ചാത്തലത്തിൽ കേന്ദ്രസംഘം കണ്ണൂർ സന്ദർശിച്ചു. നാഷണൽ സെൻ്റർ ഫോർ ഡിസീസ് കൺട്രോളിൽ നിന്നുള്ള വിദഗ്ധസംഘമാണ് കണ്ണൂരിൽ എത്തിയത്. മസ്തിഷ്ക ജ്വരം ബാധിച്ചു മരണമടഞ്ഞ കുട്ടിയുടെ വീട് സന്ദർശിച്ച സംഘം സ്ഥിതിഗതികൾ വിലയിരുത്തി. ചൂട് കാലാവസ്ഥയും ചൂട് നിറഞ്ഞ വെള്ളവും പൊതുവെ ഇഷ്ടപ്പെടുന്ന അമീബകൾ, നിലവിലെ കാലാവസ്ഥയിൽ പുറത്തുവരുന്ന സാഹചര്യം പ്രത്യേകം വിലയിരുത്തേണ്ടതാണെന്ന് സംഘം പറഞ്ഞു. അമീബിക് മസ്തിഷ്ക ജ്വരത്തിന് എതിരെ ആരോഗ്യവകുപ്പ് സ്വീകരിച്ച നടപടികളിൽ കേന്ദ്ര സംഘം തൃപ്തി രേഖപ്പെടുത്തി.

**********************

## <u>ആർമണ്ട് മാധവത്തച്ചൻ</u>

ഫ്രാൻസിസ്കൻ കപ്പൂച്ചിൻ സഭയുടെ പാവനാത്മ പ്രൊവിൻസ് അംഗവും ഭരണങ്ങാനം അസീസി, ഇരിട്ടി വിമലഗിരി ധ്യാനകേന്ദ്രങ്ങളുടെ സ്ഥാപകനുമായിരുന്ന ആർമണ്ട് മാധവത്തച്ചനെ ദൈവദാസ പദവിയിലേക്ക് ഉയർത്തുന്നതിൻറെ പ്രഖ്യാപനം ശനിയാഴ്ച ഉച്ചയ്ക്ക് ശേഷം ഇരിട്ടി ധ്യാന കേന്ദ്രത്തിൽ നടക്കും. തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി ചടങ്ങിന് നേതൃത്വം നൽകും. വൈകീട്ട് നടക്കുന്ന പൊതു സമ്മേളനം കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഉദ്ഘാടനം ചെയ്യും.

**********************

PNU TVPM

## മാധ്യമ പുരസ്കാരങ്ങൾ

കണ്ണൂർ ജില്ലാ ഹോർട്ടികൾച്ചർ സൊസൈറ്റി സംഘടിപ്പിച്ച പുഷ്പോത്സവത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ മാധ്യമ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. ശ്രവ്യ മാധ്യമങ്ങളുടെ വിഭാഗത്തിൽ ആകാശവാണിയും, മികച്ച റിപ്പോർട്ടർക്കുള്ള പുരസ്കാരം ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ ശശിധരനും സ്വന്തമാക്കി. ഈ മാസം 22 ന് നടക്കുന്ന ചടങ്ങിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പുരസ്കാരം സമ്മാനിക്കും.

***********************

## ഇന്ത്യ - സിംബാബ്-വേ ട്വന്റി – 20

ഇന്ത്യ - സിംബാബ്-വേ ട്വന്റി - 20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിൽ ഇന്ത്യയ്ക്കെതിരെ സിംബാബ്-വേ യ്ക്ക് 183 റൺസ് വിജയലക്ഷ്യം. ഇന്ത്യ നിശ്ചിത ഓവറിൽ നാല് വിക്കറ്റ് നഷ്ടത്തിൽ 182 റൺസ് നേടി. മറുപടി ബാറ്റിംഗിനിറങ്ങിയ സിംബാബ് വേ ഒടുവിൽ വിവരം ലഭിക്കുമ്പോൾ 4 ഓവറിൽ 3 വിക്കറ്റ് നഷ്ടത്തിൽ 30 റൺസ് എന്ന നിലയിലാണ്.

***********************

## യൂറോ കപ്പ്

യൂറോ കപ്പ് ഫുട്ബോളിൽ ഇന്ന് രാത്രി 12.30 ന് നടക്കുന്ന രണ്ടാം സെമിയിൽ ഇംഗ്ലണ്ട്-നെതർലൻഡ്സിനെ നേരിടും. ആദ്യ സെമിയിൽ ഫ്രാൻസിനെ 2 - 1 ന് പരാജയപ്പെടുത്തി സ്പെയിൻ ഫൈനലിൽ കടന്നിരുന്നു. കോപ്പ അമേരിക്ക ഫുട്ബോളിൽ നാളെ പുലർച്ചെ 5.30 ന് നടക്കുന്ന രണ്ടാം സെമിയിൽ യുറുഗ്വേ-കൊളംബിയയെ നേരിടും. ഇന്ന് രാവിലെ നടന്ന ആദ്യ സെമിയിൽ കാനഡയെ എതിരില്ലാത്ത രണ്ട് ഗോളുകൾക്ക് പരാജയപ്പെടുത്തി അർജൻറീന ഫൈനലിൽ പ്രവേശിച്ചു.

***********************

RNU TVPM

## മഴ

കേരളത്തിൽ അടുത്ത അഞ്ച് ദിവസം ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്. കോഴിക്കോട് കണ്ണൂർ. കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കേരള-കർണാടക തീരങ്ങളിൽ മത്സബന്ധനത്തിന് തടസ്സമില്ല. എന്നാൽ ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്നാണ് നിർദ്ദേശം.

***********************

## ഓഹരി

രാജ്യത്തെ ഓഹരി വിപണികൾ നഷ്ടത്തോടെ വ്യാപാരം അവസാനിപ്പിച്ചു. ബോംബെ ഓഹരി സൂചിക സെൻസെക്സ് 426 പോയിൻറ് ഇടിഞ്ഞ് 79,924 ലും ദേശീയ ഓഹരി നിഫ്റ്റി 108 പോയിൻറ് താഴ്ന്ന് 24,324 ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്. സ്വർണ്ണ വിലയിൽ മാറ്റമില്ല. ഗ്രാമിന് 6,710 ഉം പവന് 53,680 രൂപയുമാണ് ഇന്നത്തെ വില.

***********************

***********************

***********

RNU TVPM